


അയനം
LITTLE KITES DIGITAL MAGAZINE
സെന്റ്. മേരീസ്.എച്ച്.എസ്.എസ്.എടൂർ

# ആശംസ

ഓരോ യാത്രയും പുതിയ കണ്ടെത്തലുകളും അറിവുകളും നൽകുന്നതോടൊപ്പം നവ്യമായ അനുഭവങ്ങളും പകരുന്നു എന്നതിൽ സംശയമില്ല. എട്ടൂർ സെന്റ് മേരീസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ ഈ ഡിജിറ്റൽ മാഗസിനിലൂടെ ഒരുക്കിയിരിക്കുന്നത് നവ്യാനുഭവം തന്നെ. ദീർഘനാളത്തെ പ്രയത്നത്തിന്റെയും , കൂട്ടായ്മയുടെയും, ആവിഷ്കാരത്തിന്റെയും, പ്രോത്സാഹനത്തിന്റെയും , സാങ്കേതികതയുടെയും ആവിഷ്കാരമാണ് 'അയനം ' എന്ന ഈ ഡിജിറ്റൽ മാഗസിൻ. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും, ഈ മാഗസിനിലൂടെ കടന്നുപോകുന്ന ഏവർക്കും നവ്യമായ അനുഭവം നൽകാൻ ഈ മാഗസിന് കഴിയട്ടെ. കൗമാരക്കാരായ കുട്ടികളുടെ സർഗവാസനകളെ , വെളിച്ചമുള്ള ചിന്തകളെ, നിറമുള്ള ചിത്രങ്ങളായി വിരിയിക്കാൻ ഈ മാഗസിന് കഴിഞ്ഞിട്ടുണ്ട്. എല്ലാ പ്രവർത്തനത്തിനും എല്ലാ വിജയാശംസകളും നേരുന്നു.



**ശ്രീമതി. സിസിലി ജോസഫ്**

(ഹെഡ്മിസ്ട്രസ്, സെന്റ് മേരീസ് ഹൈസ്കൂൾ എട്ടൂർ)

# എഡിറ്റോറിയൽ ബോർഡ്



Aadith Shinto



Nidhin Joshy



Abhinav P



Evan Joe Sajan



Abhirami T A



Amaldev C V



Angelina Maria



Arshitha N L



Edna Ann



Eva Tess Katherin



Evangeline Lizbeth



Mariya Tom



Meghna Saji



Rose Maria Mathew

# ഉള്ളടക്കം


| | |
|---|---|
| നമ്മുടെ വിദ്യാലയം... | 5 |
| പരിശ്രമത്തിലൂടെയുള്ള വിജയം... | 7 |
| കർഷകനെന്ന സ്വത്ത് | 9 |
| *Nature's Beauty* | 11 |
| *Digital Painting* | 12 |
| സ്വപ്നവീചികളിലൂടെ ഒരു സഞ്ചാരം... | 13 |
| മൊബൈൽ അഡിക്ഷൻ | 16 |
| ബാല്യകാലം | 17 |
| കൗമാരത്തിന്റെ വികൃതി | 18 |
| ആത്മസ്വപ്നം | 20 |
| പ്രകൃതി | 21 |
| ജീവിതം - ഒരു ലഹരി | 23 |
| സൂര്യകിരണങ്ങൾ... | 24 |
| ഒരു മഴവില്ലിന്റെ കഥ | 25 |
| माँ | 29 |
| ഹൃദയതാളം | 30 |
| തോരാമഴ | 31 |
| ഓർമ | 33 |
| മഞ്ഞുതുള്ളി | 34 |
| എന്റെ സുഹൃത്തുക്കൾ | 37 |
| എന്റെ പൂവ് | 38 |
| കൊട്ടാരത്തിലെ ആന | 39 |

# സെന്റ്. മേരീസ്.എച്ച്.എസ്.എസ്.എടൂർ

ഐതിഹാസികമായ മലബാർ കുടിയേറ്റത്തിൽ മലയോര മേഖലയിലെ പ്രമുഖ കുടിയേറ്റ കേന്ദ്രമായ എട്ടൂരിൻ്റെയും സമീപപ്രദേശങ്ങളുടെയും സമഗ്ര പുരോഗതിക്ക് വെളിച്ചം വീശിയ അക്ഷരമുറ്റമാണ് എട്ടൂർ സെൻ്റ് മേരീസ് സ്ക്കൂൾ. 1947 ൽ എട്ടൂരിനടുത്ത് തോട്ടം ഭാഗത്ത് ഒരു കൊച്ചു വിദ്യാലയമായി ആരംഭിക്കുകയും 1948 ൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കപ്പെടുക യും ചെയ്തു. 1956 ൽ മിഡിൽ സ്ക്കൂളായി അനുവദിച്ചുകിട്ടിയപ്പോൾ എൽ.പി. സ്ക്കൂൾ വേർപെടുകയുണ്ടായി. തുടർന്ന് 1957 ൽ ഹൈസ്ക്കൂളായും 1998 ൽ ഹയർ സെക്കൻഡറി സ്ക്കൂളായും ഉയർത്തപ്പെട്ടു. 1967 ൽ തലശ്ശേരി അതിരൂപത കോർപ്പറേറ്റ്

| |
|---|
| റവന്യൂ ജില്ല |
| കണ്ണൂർ |
| വിദ്യാഭ്യാസ ജില്ല |
| തലശ്ശേരി |
| ഉപജില്ല |
| ഇരിട്ടി |
| പ്രധാന അദ്ധ്യാപിക |
| ശ്രീമതി.സിസിലി ജോസഫ് |
| പി.ടി.എ പ്രസിഡണ്ട് |
| ശ്രീ. ഷാജു ഇ. പി |
| എം.പി.ടി.എ പ്രസിഡണ്ട് |
| ശ്രീമതി. രജിത ഷിബു |



വിദ്യാഭ്യാസ ഏജൻസി ആരംഭിച്ചതുമുതൽ ഈ വിദ്യാലയം അതിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്നു.

അഞ്ച് മുതൽ പത്ത് വരെ ക്ലാസുകളാണ് എടൂർ സെൻ്റ് മേരീസ് ഹൈസ്ക്കൂൾ വിഭാഗത്തിലുള്ളത്. 1100 ൽ പരം കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ 47അധ്യാപക-അനധ്യാപക ജീവനക്കാർ സേവനം ചെയ്യുന്നു. കോർപ്പറേറ്റ് മാനേജ്മെന്റും സ്ക്കൂൾ മാനേജ്മെൻറും നൽകുന്ന നേതൃത്വവും അകമഴിഞ്ഞ പിന്തുണയുംസ്ക്കൂളിൻ്റെ ഭൗതിക അക്കാദമിക നേട്ടങ്ങളിൽ കരുത്ത് പകരുന്നു. ആധുനികസൗകര്യങ്ങളോടുകൂടിയ സ്ക്കൂൾ കെട്ടിടങ്ങൾ, പാചകപ്പുര, വിശാലമായ മൈതാനം,ബാസ്ക്കറ്റ്ബോൾ കോർട്ട്, ഷട്ടിൽ കോർട്ട്, സ്മാർട്ട് ക്ലാസ് റൂമുകൾ, ലൈബ്രറി,ഐ.റ്റി. ലാബുകൾ, സയൻസ് ലാബുകൾ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും കുട്ടികൾക്ക് മികവുറ്റ പഠനാന്തരീക്ഷം നൽകുന്നു. ഭാരത് സ്കൗട്ട്സ് ആൻഡ്ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ്, സ്റ്റുഡൻ്റ്പോലീസ് കേഡറ്റ്, ആന്റി ഡ്രഗ്സ് സ്റ്റുഡന്റ് യൂണിയൻ, ലിറ്റിൽ കൈറ്റ്സ്, വിവിധ ക്ലബുകൾ തുടങ്ങി എല്ലാ യൂണിറ്റുകളും സജീവമായി പ്രവർത്തിക്കുന്നു. പാഠ്യ - കലാ - കായിക രംഗത്ത് മലയോര മേഖലയിൽ ഏറ്റവും മികച്ച നിലവാരം പുലർത്തുന്ന സ്ക്കൂൾ എന്ന ഖ്യാതി പതിറ്റാണ്ടുകളായി നിലനിർത്തുന്നു ഡിപ്പാർട്ട്മെൻ്റ് തലത്തിലും കോർപ്പറേറ്റ് തലത്തിലും
നടത്തുന്ന വിവിധ മത്സരപരീക്ഷകളിൽ സമാനതകളില്ലാത്ത വിജയമാണ് നേടിക്കൊണ്ടിരിക്കുന്നത്.

ബഹുമാന്യരായ കോർപ്പറേറ്റ് മാനേജർമാർ, സ്ക്കൂൾ മാനേജർമാർ,ഹെഡ്മാ സ്റ്റർമാർ, അധ്യാപക- അനധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ, നല്ലവരായ നാട്ടുകാർ തുടങ്ങി എല്ലാവരും ഒറ്റക്കെട്ടായി ചിന്തിക്കുകയും, അക്ഷീണം പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമാണ് സെൻ്റ് മേരീസ് എടൂർ എന്ന ഈ സരസ്വതീക്ഷേത്രത്തിന്റെ സമാനതകളില്ലാത്ത വിജയഗാഥകൾ.

# പരിശ്രമത്തിലൂടെയുള്ള വിജയം...

അഹമ്മദ് സഫീദ് പി കെ

ഒരു ദിവസം അശ്വിൻ എന്ന കുട്ടി വളരെ സങ്കടത്തിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അവനോട് അവന്റെ ടീച്ചർ ചോദിച്ചു: എന്തുപറ്റി നിനക്ക്? നീ എന്തിനാണ് വിഷമിച്ചിരിക്കുന്നത്. അവൻ പറഞ്ഞു:"എനിക്ക് ഒരു കഴിവുമില്ല, എന്നെ എന്റെ കൂട്ടുകാരാരും പരിഗണിക്കുന്നില്ല. അവർക്കെല്ലാവർക്കും ഓരോ കഴിവുകളുണ്ട്. ഞാൻ മാത്രം ഒറ്റപ്പെടൽ അനുഭവിക്കുകയാണ്". അപ്പോൾ ടീച്ചർ അവനോടു പറഞ്ഞു" ആരു പറഞ്ഞു നിനക്ക് ഒരു കഴിവുമില്ല എന്ന്. നിനക്ക് നല്ലൊരു കഴിവുണ്ട് പക്ഷെ നീ നിന്റെ ഉള്ളിൽ ഒളിപ്പിച്ചു വച്ചിരിക്കുകയാണ്. അത് നീയാണ് കണ്ടുപിടിക്കേണ്ടത്" . നിന്റെ ഉള്ളിൽ എന്തോ വലിയ കഴിവുണ്ട്. അത് എനിക്ക് മനസ്സിലായി. ടീച്ചർ പറഞ്ഞതു പോലെ അവൻ അവന്റെ ഉള്ളിലുള്ള കഴിവിനെ കണ്ടുപിടിക്കാനുള്ള ശ്രമത്തിലായി.

അവൻ സങ്കടം വരുമ്പോൾ ഒരുപാടു ദൂരം ഓടുമായിരുന്നു. അങ്ങനെയാണ് അവൻ തന്റെ സങ്കടങ്ങൾ അടക്കിയിരുന്നത്. ഒരു ദിവസം അവനെ കൂട്ടുകാർ വല്ലാതെ കളിയാക്കി. അവനത് സഹിക്കാൻ കഴിഞ്ഞില്ല. അവൻ ആ ഗ്രൗണ്ടിലൂടെ ഓടാൻ തുടങ്ങി. അത് അവന്റെ ടീച്ചർ കണ്ടു. ടീച്ചർ അവനെത്തന്നെ നോക്കിനിന്നു. എന്നാൽ അവൻ ടീച്ചറിനെ കണ്ടില്ലായിരുന്നു. അവൻ ഓടിയോടി വല്ലാതെ അവശനായി ആ സമയം ടീച്ചർ അവന്റെ അടുത്തു ചെന്നു പറഞ്ഞു. നിന്റെ കഴിവു ഞാൻ കണ്ടെത്തിയിരിക്കുന്നു. നീ പോലും അറിയാതെ നിന്റെ കഴിവാണിവിടെ പ്രകടമായിരിക്കുന്നത്. ഇന്നേവരെ ആരും ഓടാത്തത്ര വേഗത്തിലാണ് ഓടിയത്. നീ പരിശ്രമിച്ചാൽ നിനക്ക് നല്ലൊരു ഓട്ടക്കാരനാകാം. അപ്പോഴായിരുന്നു ഇത്രയും വർഷത്തിങ്ങൾക്കിടയിൽ ഒന്ന് ഉള്ളുതുറന്നു ചിരിക്കുന്ന അശ്വിനെ ആദ്യമായാണ് ടീച്ചർ കാണുന്നത്. അവൻ തനിക്ക് ടീച്ചർ പറഞ്ഞു തന്ന ലക്ഷ്യത്തിനുവേണ്ടി പരിശ്രമിക്കാൻ തുടങ്ങി. അവനു അതിനുള്ള പരിശീലനം നൽകാൻ ആരുമില്ലായിരുന്നു. അതിനുള്ള ആളെ ടീച്ചർ അവനു നൽകി. എന്നാൽ അയാൾക്കു ഫീസ് നൽകാനുള്ള സാമ്പത്തികസ്ഥിതി അവന്റെ വീട്ടിലുണ്ടായിരുന്നില്ല. അതിനെയും അവൻ പരിഹരിച്ചു കൊണ്ട് തന്റെ ലക്ഷ്യം അവൻ നേടിയെടുത്തു. കുറേ കാലം കഴിഞ്ഞ് അവന്റെ ടീച്ചർ അവനെ കണ്ടു എന്നാൽ ടീച്ചറിനു അവനെ മനസ്സിലായില്ല. അവൻ ലോകത്തിലെ തന്നെ ഏറ്റവും വലിയ ഓട്ടക്കാരനായി മാറിയിരുന്നു. അവൻ തനിക്കു തന്റെ കഴിവു കാട്ടിത്തന്ന അധ്യാപികയെ കാലിൽ തൊട്ട് വണങ്ങി.



# കർഷകനെന്ന സ്വത്ത്

വീണ ബിജുകുമാർ

ഓരോ രാജ്യത്തിന്റെയും സമ്പത്താണ് കർഷകർ. നിവർന്നുനിൽകുന്ന കർഷകന്റെ നട്ടെല്ലിലൂന്നിയാണ് നാം ഓരോരുത്തരുടേയും ജീവൻ. ഓരോ കർകകന്റെയും ദാനമാണ് നാം ഇന്ന് ആസ്വദിക്കുന്ന നമ്മുടെ ആരോഗ്യം. കർഷകൻ ഒന്ന് കണ്ണടച്ചാൽ തീരും , ഇന്ന് അഹങ്കരിക്കുന്ന പല ജീവനകളും. നമുക്കറിയാം നമ്മുടെ മാതാപിതാക്കൾ അവരുടെ മക്കളെ ഡോക്ടർ, എൻജിനീയർ , കലക്ടർ എന്നീ ഉയർന്ന പദവികളിൽ എത്തിക്കാനാണ് ആഗ്രഹിക്കുന്നത്.എന്നാൽ എന്തു നേട്ടമാണ് അവർക്ക് ഇതിലൂടെ ആഗ്രഹിക്കുന്നത്.എന്തു മാറ്റമാണ് അവർ സമൂഹത്തിനായി സംഭാവന ചെയ്യുന്നത്. വെറും കൂട്ടിൽ കിടക്കുന്ന ബ്രോയിലർ കോഴിക്കുഞ്ഞായാണ് ഓരോ കുട്ടിയും വളരുന്നത്. ഇന്ന് കാർഷികമേഖല നേരിടുന്ന ഏറ്റവും വലിയ പ്രശ്നവും പുതുതലമുറയ്ക്ക് കൃഷിയോടുള്ള വിരോധനമാണ്.

കേരളം,ശ്യാമസുന്ദരം, കേരകേദാരം കേരളത്തെ വർണ്ണിക്കാൻ വാക്കുകൾ അനവധിയാണ്. കർഷകനെ കൈകുമ്പിളിലേന്തിനടന്ന കേരളം , കൃഷിയെ സംസ്കാരമായി കാണുന്ന മനുഷ്യൻ എന്നാൽ അത് പഴകഥ. നമ്മുടെ പൂർവികർ മണ്ണിൽ പണിയെടുത്ത കാലത്തെ കഥ. എന്നാൽ ഇന്നത്തെ അവസ്ഥ അതല്ല. കർഷകന് പുല്ല് വിലപോലും നൽകാത്ത സമൂഹം. കൃഷിയെ പാടെ മറന്ന മനുഷ്യർ .ഓരോ കർഷകനും മണ്ണിൽ ഇറങ്ങുന്നത് മണ്ണിനെ ദൈവമായി കണ്ടാണ്. മണ്ണിൽ അവർ വിതയ്ക്കുന്ന ഓരോ വിത്തും പൊന്നിൻ

വിളകളായി തിരിച്ചുവരാൻ അവൻ ആഗ്രഹിക്കുന്നു. എന്നാൽ വാസ്തവം എന്തെന്നാൽ കർഷകന്റെ അധ്വാനത്തിനു പോലും തുലനം ചെയ്യുവാൻ കഴിയാത്ത ഫലമാണ് അവന് ലഭിക്കുന്നത്. ഈ അവസ്ഥ ഓരോ കൃഷിക്കാരനെയും മരണത്തിന്റെ വക്കിലേക്ക് എത്തിക്കുന്നു. അന്നന്നത്തെ അത്താഴത്തിന് പോലും വകയില്ലാതെ കർഷകർ മരണപ്പെട്ടത് അങ്ങ് ബീഹാറിലോ ബംഗാളിലോ ഒന്നുമല്ല. കാർഷിക സമ്പത്ത് നിറഞ്ഞ തുളുമ്പുന്ന കൊച്ചു കേരളത്തിൽ തന്നെ.

കേരളം എന്ന സംസ്ഥാനം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വേറിട്ട് നിൽക്കുന്നത് അതിന്റെ വൈവിധ്യമാർന്ന കാർഷിക മേഖലയിൽ നിന്നു തന്നെയാണ്. വീടിന്റെ പത്തായപ്പുരകളിൽ നെല്ല് കുമിഞ്ഞു കൂടിയും മുറ്റം നിറയെ തേങ്ങയും അടക്കയും എല്ലാം കൂട്ടിവെക്കുന്ന ഒരു പാരമ്പര്യം കേരളത്തിൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് പത്തായപ്പുരകൾ എലികൾക്ക് ഉലാത്താനുള്ള അറകൾ മാത്രമാകുന്നു. കാർഷിക മേഖലയിലെ തകർച്ച കേവലം കർഷകരെ മാത്രമല്ല മുഴുവൻ ജനതയെ കൂടിയാണ് ബാധിക്കുന്നത്.



ദൈവതുല്യരായ ഓരോ കർഷകനും ഇന്ന് ജീവിതത്തിന്റെ നീർച്ചൂളയിൽ പോരാടുകയാണ്. തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം എവിടെ നിന്ന് അവർക്ക് ലഭിക്കുമെന്ന് അറിയില്ല. കർഷകരുടെ പ്രശ്നം ഒരു പ്രദേശത്തിന്റെ പ്രശ്നമല്ല അത് ഒരു ദേശീയ പ്രശ്നമാണ്. മണ്ണും വിണ്ണും കാക്കാൻ കടമയുള്ള മനുഷ്യന് കർഷകനെ കൂടി സംരക്ഷിക്കാൻ ഉത്തരവാദിത്വം ഉണ്ട്. വിലകൂടിയ കാറോ ബിൽഡിംങ്ങോ, മൊബൈലോ ഒന്നുമല്ല ഒരു കർഷകന്റെ സ്വത്ത്. മനുഷ്യൻ ചവിട്ടിമെതിച്ച് പുൽനാമ്പ് പോലും തളിർക്കാത്ത ഒരുപിടി പച്ച മണ്ണാണ് അവരുടെ ആവശ്യം.


# Nature's Beauty

Angelina Maria Shinoj

*In fields of green,
where flowers dance,
Under the sun's warm,
golden glance.
Birds in flight, a
melody in the air,
Nature's beauty,
beyond compare.*

*Mountains tall,
reaching the sky,
Whispers of wind as
time goes by.
Rivers flowing, a
soothing sound,
Life's symphony, all
around.*

*Stars above in the
midnight sky,
Tales they tell as
they twinkle high.
Nature's canvas, a
masterpiece,
Endless wonders, never
to cease.*



Digital Painting By:

**Evangeline Lizbeth Benny**

# സ്വപ്നവീചികളിലൂടെ ഒരു സഞ്ചാരം...

അനന്യ ടി.എ

മാളു സങ്കടത്തിലാണ് .അവൾ അമ്മയോട് വഴക്കിട്ടു.
മോളെ മാളൂട്ടി വന്ന് ഭക്ഷണം കഴിക്ക് .അമ്മ പലവട്ടം പറഞ്ഞെങ്കിലും അവൾ കഴിച്ചില്ല .അവൾ ഉറങ്ങുതുള്ളുന്നു.അമ്മ അച്ഛനോട് പറഞ്ഞു. ഈ കുട്ടിക്ക് എന്തുപറ്റിആവോ? മാളു പറഞ്ഞു എന്തുപറ്റി എന്ന് അമ്മയ്ക്ക് അറിയില്ലേ.അച്ഛൻ പറഞ്ഞു .നിനക്ക് ഒരു കൂടപ്പിറപ്പ് വേണ്ടേ? ഒന്നു പോ അച്ഛാ .എന്റെ കൂട്ടുകാർ എന്നെ കളിയാക്കും "എന്റെ പ്രായമെത്രയാ"... ദേ ഞാനൊരു കാര്യം പറഞ്ഞേക്കാം .
ഇവിടെ ഞാൻ മാത്രം മതി വേറെ ആരും വേണ്ട. ആരും .....നമുക്കിത് വേണ്ട അമ്മയും അച്ഛനും ഇത് കേൾക്കുന്നത് ഇടിമിന്നലേറ്റതിന് സമാനമായായിരുന്നു.അമ്മ പറയാൻ ശ്രമിച്ചു .മോളെ ഇതൊരു ജീവൻ ...അമ്മ ഒന്നും പറയണ്ട ഒന്നുകിൽ ഞാൻ അല്ലെങ്കിൽ .....അവൾ ബാക്കി പറഞ്ഞില്ല .മുറിയിലേക്ക് പോയി തലയണയിൽ മുഖമമർത്തി എന്തൊക്കെയോ ചിന്തിച്ചു. മിഴികളിൽ നിന്ന് കണ്ണുനീർ വറ്റാതെ ഒഴുകി. കണ്ണുകൾ ചുവന്നു .അവൾ പിറുപിറുത്തു .ഇവിടെ ഞാൻ മാത്രം മതി .ഞാൻ മാത്രം എപ്പോഴാണെന്ന് അറിയില്ല നിദ്രയുടെ അഴകടലിലേക്ക് അവൾ അറിയാതെ വീണു പോയി. കണ്ണുതുറന്നപ്പോൾ അവൾ വേറെ ഒരു ലോകത്തിലായിരുന്നു. കിടപ്പുമുറിയുടെ അതിരുകളില്ലാത്ത വിശാലമായ ഒരു ലോകം അവിടുത്തെ ഇലകളും മരങ്ങളും പൂവുകളും വള്ളും പോലെ തിളങ്ങുന്നു. ആദ്യം ചെറുതായി ഭയന്നെങ്കിലും മനസ്സിലെ ആകാശം



അവളെ മുന്നോട്ടു നയിച്ചു. കുറച്ചു ദൂരം പേടിച്ചു പേടിച്ചു നടന്നു."മോളെ"കാരുണ്യത്തിൽ പൊതിഞ്ഞ ശബ്ദം അവൾ തിരിഞ്ഞു നോക്കി.വളരെ കാരുണ്യം നിധിയായ ഒരു അമ്മ.ആ അമ്മ നടന്നു വന്നു.മാളുവിന്റെ കൈ മുറുക്കെ പിടിച്ചു.അവൾ സംശയത്തോടെ ചോദിച്ചു നിങ്ങളാരാ? ഇത് ഏതാ സ്ഥലം ? അവളുടെ ചോദ്യങ്ങൾ നിന്നില്ല ' വാ' ആ അമ്മയുടെ കൂടെ അവൾ നടന്നു ഈ വെള്ള പരമാവധി വിരിച്ച വഴികളിലൂടെ അവൾ നടന്നു.

ദൂരം ചെല്ലുമ്പോഴും കുഞ്ഞുങ്ങളുടെ കരച്ചിൽ പോലെയുള്ള ശബ്ദം അവളുടെ കാതിനെ അലട്ടാൻ തുടങ്ങി.അവൾ ആദ്യം അത് കാര്യമായി എടുത്തില്ല.പക്ഷേ അത് കൂടിക്കൊണ്ടിരുന്നു. ഒരു സ്ഥലത്തെത്തിയപ്പോൾ അവൾ അത്ഭുതപ്പെട്ട് ചുറ്റും നോക്കി.കുറെ കുട്ടികൾ അവരെ മാലാഖ കുട്ടികളെപ്പോലെ അവൾക്ക് തോന്നി. അവൾ ഓടിച്ചെന്ന് അവരിൽ ഒരാളെ വാരിപ്പുണരുന്ന് മുത്തം വച്ചു.അവരെ മതിയാവോളം കൊഞ്ചിച്ചു.അപ്പോഴും ആ അമ്മ പുഞ്ചിരിച്ചുകൊണ്ട് അവിടെ ഉണ്ടായിരുന്നു.കുറച്ചു കഴിഞ്ഞപ്പോൾ മാളു ആ മാതാവിനോട് ചോദിച്ചു.അമ്മേ നിങ്ങൾ ആരാണ് പിന്നെ ഇവരൊക്കെ?ഞാനിപ്പോൾ എവിടെയാണ്,ആ തേജസ്വിയായ മാതാവ് പറഞ്ഞു അത് കുട്ടി ഇവരോട് തന്നെ ചോദിക്കൂ ഇവർ പറയട്ടെ.

അവൾ പോയി കൂട്ടത്തിൽ ഒരു കുഞ്ഞിനോട് കൊഞ്ചി കൊഞ്ചി ചോദിച്ചു.കുഞ്ഞേ കുഞ്ഞ് ആരാണ് ?കുഞ്ഞ് എന്തിനിവിടെ വന്നു എങ്ങനെ ഇവിടെ വന്നു പിന്നെ ഈ തേജസ്വിയായ മാതാവ് ഇവർ ആരാണ് ഇങ്ങനെയുള്ള ചോദ്യങ്ങൾ നീണ്ടു നീണ്ടു പോയി.ആ പെൺകുഞ്ഞ് പുഞ്ചിരിച്ചു .ഞങ്ങൾ എന്തിനാണ് ഇവിടെ വന്നത് എന്ന് ഞങ്ങൾക്കറിയില്ല കുഞ്ഞ് ആരാണ് വീണ്ടും അവൾ ചോദിച്ചു.ഞാൻ .....ആ കുഞ്ഞു മാലാഖ കുട്ടി തുടർന്നു.ഞങ്ങളെല്ലാവരും ഭ്രൂണങ്ങളാണ്.അവൾ ഒന്നു ഞെട്ടി .ഭ്രൂണങ്ങളോ ?പിന്നെ നിങ്ങൾ ഈ സ്ഥലം മാളുവിന് ഒന്നും കൃത്യമായി മനസ്സിലായില്ല.ആ കുഞ്ഞു തുടർന്നു പിറന്നുവീഴുന്നതിന് മുമ്പേ ലോകം കാണുന്നതിനു മുൻപേ പൊഴിഞ്ഞുവീഴേണ്ടി വന്നവർ.ഞങ്ങളുടെ മാതാപിതാക്കളുടെ അറിവോടെ സമ്മതത്തോടെ ഞങ്ങളുടെ ജീവനെടുത്തു.ആ കുഞ്ഞു വിങ്ങിപ്പൊട്ടി കരഞ്ഞുകൊണ്ട് ചോദിച്ചു.ഞങ്ങൾക്ക് ഈ ഭൂമിയിൽ ജീവിക്കേണ്ടേ.മാതാപിതാക്കളുടെ കൂടെ കളിക്കാൻ ചിരിക്കാൻ വഴക്കിടാൻ എല്ലാം ഞങ്ങൾക്കും ആഗ്രഹമില്ലേ.ഇല്ലേ ?പറയൂ. പെൺകുട്ടിയാണെന്ന പേരിൽ അങ്ങനെ പല പല കാരണങ്ങളാൽ

ഞങ്ങളെ .....അവൾക്ക് പൂർത്തിയാക്കാൻ കഴിഞ്ഞില്ല.മാളൂവും പൊട്ടി കരഞ്ഞു.അവൾക്ക് സങ്കടം താങ്ങാനായില്ല.ആ കുഞ്ഞ് തുടർന്നു ഭ്രൂണങ്ങൾ ആണെങ്കിലും ഞങ്ങൾക്കും ആത്മാവ് ഉണ്ട്.ഇതെല്ലാം കൊതിക്കുന്ന മനസ്സ് ഞങ്ങൾ എത്ര കൊതിച്ചിട്ടുണ്ട് എന്ന് അറിയാമോ ?പുറം ലോകം കാണാൻ .....ഞങ്ങൾ ഇവിടെ ഇരുന്നു കാണാറുണ്ട്. ചില കുട്ടികൾ അമ്മയുടെയും അച്ഛന്റെയും കൂടെ കുട്ടികൾ കളിക്കുന്നതും ചിരിക്കുന്നതും കാണുമ്പോൾ ഞങ്ങൾക്ക് കൊതിയാവും.ചേച്ചി ഞാൻ ഒന്ന് ചോദിച്ചോട്ടെ.ഇത്രയും ഞങ്ങളെ ശിക്ഷിക്കാൻ ഞങ്ങൾ എന്ത് തെറ്റ് ചെയ്തു.ആ ശബ്ദം അവളുടെ കാതിൽ മുഴങ്ങിക്കേട്ടു അത് വീണ്ടും വീണ്ടും അലയടിച്ചു.

അവൾ പെട്ടെന്ന് ഉറക്കത്തിൽ നിന്നും ഞെട്ടി ഉണർന്നു.അവൾ ഏറെ നേരം പൊട്ടി കരഞ്ഞു.മഞ്ഞു പോലെ തിളങ്ങുന്ന മിഴിനീർത്തുള്ളികൾ അവളുടെ കവിൾ തടം നനച്ചു.തന്റെ തെറ്റിന്റെ കാഠിന്യം അവൾക്ക് മനസ്സിലായി.അവൾ പതിയെ അടുക്കളയിൽ പോയി അമ്മയെ ചുറ്റിപ്പറ്റി നിന്നു .മാതൃത്വത്തിന്റെ ആ കണ്ണുകൾ വറ്റാതെ ഒഴുകുന്നു.അമ്മയെന്തിനാ കരയണത് ?അവൾ ചോദിച്ചു.കണ്ണീർ വേഗം തുടച്ച് അമ്മ പറഞ്ഞു. ഹേ ഒന്നുമില്ല.അത് കണ്ണിൽ എന്തോ . കരഞ്ഞോ? ഹേ ഇല്ല !ഞാനെന്തിനാ കരയണത് "അമ്മേ ഇന്നലെ പറഞ്ഞ കാര്യം . അമ്മയുടെ മുഖം ചെറുതായി ഒന്നു മാറി.ഞാനിവിടെ ഉണ്ടാവണമെങ്കിൽ കുഞ്ഞും ഇവിടെ ഉണ്ടാവണം.അമ്മയ്ക്ക് വിശ്വസിക്കാനായില്ല.ഒറ്റരാത്രികൊണ്ട് നിനക്ക് എന്ത് പറ്റി മാളു .അമ്മയ്ക്ക് സന്തോഷമായി . മാളുവിന്റെ സംശയം ആ അമ്മ ആരായിരുന്നു എന്നതാണ് ദൈവമായിരിക്കാം വിധിയുടെ പ്രതിരൂപവും ആയിരിക്കാം.

# മൊബൈൽ അഡിക്ഷൻ

അഭിരാമി ടി എ

ഇന്നത്തെ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രധാന വെല്ലുവിയാണ് മൊബൈൽ അഡിക്ഷൻ. എന്താണ് മൊബൈൽ അഡിക്ഷൻ? ഒരു കാര്യം നമ്മുക്ക് നിർത്താൻ പറ്റാതെ ഇരിക്കുക.അത് ചെയ്യാൻ തോന്നുക.ആ ഒരു പെരുമാറ്റം നമ്മുടെ ജീവിതത്തെയും നമ്മുടെ വ്യക്തി ബന്ധത്തെയും നമ്മുടെ പഠനത്തെയും ബാധിക്കുന്നു. അതില്ലാതെ പറ്റില്ല എന്നാ അവസ്ഥയാണ് അഡിക്ഷൻ എന്ന് പറയുന്നത്. നിയന്ത്രിക്കാൻ കഴിയാതെ വരിക, ഉപയോഗിച്ചുകൊണ്ടിരിക്കുക. ഉപയോഗിക്കാതിരിക്കുമ്പോൾ മാനസിക പ്രശ്നങ്ങൾ നേരിടുക. പല തവണ ഉപോയോഗിക്കാതിരിക്കാൻ ശ്രമിച്ചിട്ടും അതിനു കഴിയാതെ വരിക. ഇതിലൂടെയെല്ലാം നമ്മുക്ക് അഡിക്ഷൻ ഉണ്ടെന്നു പറയാം.പലപ്പോഴും അനുഭവപ്പെടുന്നു. അഡിക്ഷന്റെ ലക്ഷണങ്ങളാണ്. .ഫോൺ റിങ് ചെയ്യുന്നതു പോലെയോ അതോ വൈബ്രേറ്റ് ചെയ്യുന്നത് പോലെയോ ഉള്ള തോന്നലുകൾ, ഇടയ്ക്കു ഫോൺ നോക്കിയില്ലെങ്കിൽ സോഷ്യൽ മീഡിയയിൽ നിന്ന് അകന്നു പോകുന്നു അല്ലെങ്കിൽ മറ്റുള്ളവരിൽ നിന്ന് അകന്നു പോകുന്നു എന്ന തോന്നൽ, എപ്പോഴും കണക്ട് ആയിരിക്കണം എന്നുള്ള പേടി. മൊബൈൽ കയ്യിൽ ഇല്ലെങ്കിൽ എന്തൊക്കെയോ നഷ്ടപ്പെട്ടു പോകുമെന്നുള്ള ഭയം, കുട്ടികളിലും മുതിർന്നവരിലും മൊബൈൽ അഡിറ്റ് ആകാനുള്ള കാരണങ്ങൾ വ്യക്തമാണ്. കുട്ടികളിലേക്ക് വരുമ്പോൾ ഇത് ഒരു അഡിഷൻ ആണ്. കുട്ടികൾ ഭക്ഷണം കഴിക്കാതിരിക്കുമ്പോൾ മൊബൈൽ കൊടുക്കുക, മാതാപിതാക്കൾ ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ ഡിസ്റ്റർബൻസ് ആവാതിരിക്കാൻ മൊബൈൽ കൊടുക്കുക ഇതെല്ലാമാണ് കുട്ടികളെ അഡിക്ഷനിലേക്ക് നയിക്കുന്നത്. മുതിർന്നവരിലേക്ക് വരുമ്പോൾ അവർക്കു സന്തോഷം കിട്ടുന്ന ആക്ടിവിറ്റി മറ്റൊന്നും ഇല്ലാതെ വരുമ്പോൾ, അവർ ഒറ്റപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകുമ്പോൾ കുട്ടികളായാലും മുതിർന്നവരായാലും മൊബൈലിനെ ആശ്രയിക്കും. സ്മാർട്ട് ഫോണിന്റെ നല്ല വശങ്ങൾ അറിഞ്ഞു ഉപയോഗിക്കുകയും ദുരുപയോഗം ചെയ്യാതെ ഇരിക്കുകയും ചെയ്യുന്നതിലൂടെ നമുക്ക് നാളേക്ക് ആയി നല്ലൊരു സമൂഹത്തെ വളർത്തിയെടുക്കാൻ സാധിക്കും.



# ബാല്യകാലം

ദേവിക പ്രസാദ്

ഓർക്കുന്നു ഞാനെന്റെ
ബാല്യകാലം
ഓർക്കുവാനൊരുപാടുള്ള
കാലം
കാലം മറന്നു കഥ
പറയുമ്പോഴും
സങ്കടക്കടലായ ബാല്യകാലം
തുള്ളിക്കളിച്ചു നടക്കേണ്ട
കാലത്തിൻ
ദാരിദ്ര്യമെന്തെന്നറിഞ്ഞ
കാലം
പഠിച്ചു കളിച്ചു രസിക്കേണ്ട
കാലം
കൂട്ടുകാരൊത്തു കളിക്കാൻ
മറന്നകാലം
കുഞ്ഞുമോഹങ്ങൾ
കുന്നോളമുണ്ടെങ്കിലും
കണ്ണുനീരല്ലാതെയൊന്നുമില്ല
ഓർക്കുന്നു ഞാനെന്റെ
ബാല്യകാലം
ഓർത്തുവാനൊരുപാടുള്ള
കാലം.

# കൗമാരത്തിന്റെ വികൃതി

ദേവനന്ദ കെ എസ്

ആദ്യമായി ഇഷ്ടം നീ
അറിയിച്ചപ്പോൾ
ഒഴിഞ്ഞു മാറി ഞാൻ
എന്നാലും എന്റെ ഉള്ളിൽ
അനുരാഗത്തിന്റെ തേന്മഴ
പെയ്തിറങ്ങിയപ്പോൾ
എതിർത്തു പറയുവാൻ
മടിച്ചു എൻ മനം
കൗമാരത്തിന്റെ
മോശസ്വഭാവമാണെന്നറിഞ്ഞിട്ടും
ഞാൻ അതിലേക്ക്
വഴുതി വീഴുകയാണെന്നറിഞ്ഞിട്ടും
എതിർക്കുവാൻ എൻ മനം
മടിച്ചു
അവന്റെ മിഴികളിൽ എന്നോടുള്ള
പ്രണയമാണോ
കൗമാരത്തിന്റെ വികൃതിയാണോ
എന്നെനിക്ക് തിരിച്ചറിയാൻ കഴിയുന്നില്ല
നിന്നെ അറിയണമെന്നു ഞാൻ
ആഗ്രഹിച്ചു
പക്ഷേ ഒരിക്കലും മനസ്സിലാക്കാൻ പറ്റാത്ത
കടലാണു നീ.....
എന്നു ഞാൻ മനസ്സിലാക്കുന്നു
നീ എന്ന മായയിൽ ആണ്ടുപോയി
ഞാൻ

എന്നാൽ ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു
എങ്ങനെ എന്നാൽ.....
ഈശ്വര രൂപം പോൽ
ഒരു വ്യക്തി പ്രത്യക്ഷപ്പെട്ടു
തെറ്റുകളെ ഓർമ്മിപ്പിക്കുകയും
തിരുത്തുകയും ചെയ്തു
എന്നാലും ഞാൻ നിന്നോട് അടുക്കാം
പൂവിന് പൂമ്പാറ്റ ആകുന്നതുപോൽ
സമുദ്രത്തിന് കരയാകുന്ന പോൽ
എന്നാൽ നീ പറയണം,
എനിക്കു ജീവൻ തന്ന
നൈർമ്മല്യമുള്ളമ്മയുടെ സ്നേഹ-
ത്തിനു പകരമാകാൻ നിനക്ക് സാധിക്കുമോ...?
വെയിലും മഴയും എന്നിലേൽക്കാതെ കടലായ്
മാറുന്നൊരച്ചന്റെ കരുതലിനു പകരമാവാൻ
നിനക്കു സാധിക്കുമോ..?
 അവരേക്കാൾ നന്നായി ഇതെല്ലാം
എനിക്കു തരാൻ
എന്നിൽ അനുഭവിപ്പിക്കുവാൻ
നിനക്കു സാധിക്കുമോ..?
പറയൂ.....
കഴിയില്ല.... അല്ലേ...?
കൺമുന്നിൽ കാണുന്ന,
സകല ചരാചരങ്ങളും ദേവന്മാർ പോലും
തൊഴുന്ന ആ ദിവ്യാത്മാക്കൾക്കു
പകരമാവാൻ നിനക്കു കഴിയില്ല.....
ആർക്കും കഴിയില്ല.....
ഇത് കൗമാരമാണ്
നീ മനസ്സിലാക്കൂ.........
പ്രണയമാകുന്നത് കൗമാരത്തിന്റെ
വികൃതിയാണ്........
കൗമാരത്തിന്റെ വികൃതിയാണ് പ്രണയം.....

# ആത്മസ്വപ്നം

അശ്വതി വി.ജെ


നിലവിട്ടനിമിഷങ്ങളേതോ....
കൈവിട്ടും നേരങ്ങളേതോ....
അവിടെ ദുരിതങ്ങളെയെങ്ങുമെങ്ങും
കണ്ണുനീർ അലിയവേ മായ്ച്ചങ്ങ് കളയും
കണ്ണുനീർ അലിയവേ മായ്ച്ചങ്ങ് കളയും
ഉള്ളിൽ തീപ്പൊരി നാളമായെന്നും
നിലയിൽ ആ സഹനമാകുന്ന വജ്രസിൽ
നേരിൻ ഒരു ജ്വലം വറ്റികിടന്നു ...ആ
നീരിനൊരു ജ്വലം പറ്റി നിന്നു ....
കയറുമായ് നിൻ കതകിനുള്ളിലമർഷം
വരികളായ് നിൽക്കുന്നു ജനരോഷം
നിറയുന്നിതാ എന്റെ മനസ്സിൽ എന്നും
വിരിയുന്നതാ ആത്മസ്വപ്നം...
എന്നും വിരിയുന്നതാ ആത്മസ്വപ്നം
കഠാരയിൽ കും തുളച്ചെങ്ങോ
പടതീർക്കുവാനെന്നെങ്ങപോലെ
കത്തിജ്ജ്വലിച്ചൊരു ശീർഷം പിന്നെ ...
മാധ്യമപടവിളയാട്ടം
ചോരതൻ ദാഹികൾ മാറി
കൊലപാതകികൾ തന്നെയായി
തന്നില്ലൊരാത്മസ്വപ്നം ചിറകിലേറി
എന്നും വൃഥാ തന്നെ സ്വപ്നങ്ങളെങ്ങും ....
എന്നും വൃഥാ തന്നെ സ്വപ്നങ്ങളെങ്ങും ...




പ്രകൃതി നമ്മുടെ അമ്മയാണ്.നമ്മുടെ ജനനം മുതൽ മരണം വരെ നാം ഈ പ്രകൃതിയിൽ ജീവിച്ചു ചിലവഴിക്കുന്നു.എന്നാൽ പ്രകൃതി ഓരോ ദിവസവും മാറികൊണ്ടിരിക്കുന്നതാണ്.തന്റെ സുന്ദരമായ കാഴ്ചകളിലൂടെ പ്രകൃതി നമ്മെ പരിപോഷപ്പെടുത്തുന്നു. നമ്മുടെ ജീവ സ്പന്ദനം പ്രകൃതി ആണ്.ഈ വലിയസമുദ്രങ്ങളും ഭീമൻകാടുകൾ തൊട്ട് ചേറുതോടുകളും ചെറി യചെടികൾ വരെ നമ്മുടെ ജീവന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം ആണ്.അതിനാൽ അവൾ (പ്രകൃതി)നമ്മെ തീറ്റി പോറ്റുന്ന അമ്മ തന്നെയാണ്.അമ്മയായ പ്രകൃതി പല നിറങ്ങളാൽ സുന്ദരിയാണ്.വിടർത്തി വച്ച പൂക്കൾ അവളുടെ ആവരണങ്ങളായി മാറുന്നു.സൂര്യൻ അവളുടെ നെറ്റി പൊട്ടായി മാറുന്നു. അങ്ങനെ അങ്ങനെ...ഈ ഭൂമിയിലെ ഓരോന്നും അവളുടെ ഭംഗി കൂട്ടുന്നു.അങ്ങനെ അവളുടെ ഉഷസ്സും ശക്തിയും വർദ്ധിക്കുന്നു. എല്ലായ്പ്പോഴും പ്രകൃതി



ഒരേപോലെയല്ല. ചില സമയം രക്തം പുരണ്ട ഉഗ്രരൂപണിയായ അവള് മാറുന്നു.അത് വെള്ളപൊക്കം, ഉരുൾ പൊട്ടൽ,... എന്ന രൂപങ്ങളിൽ നമ്മെ നേരിടുന്നു.അതിലൂടെ പ്രകൃതി തന്റെ രോദനം കാണിക്കുന്നു.നമ്മൾ മനുഷ്യർ കാണിക്കുന്ന ദ്രോഹങ്ങളാണ് അവളുടെ രോദനം.അവളുടെ (പ്രകൃതി) ശരീരത്തെ നാം വേദനിപ്പിക്കുന്നു...മലിനമാക്കുന്നു...നശിപ്പിക്കുന്നു...സ്വന്തം സുഖത്തിന് വേണ്ടി ജീവന്റെ നിലപ്പിന്ന കാരണമായ പ്രകൃതിക്ക് നേരെ തന്നെ മനുഷ്യൻ വാൾ ചൂണ്ടുന്നു.എന്നാൽ തന്റെ ഭാവി തന്നെയാണ് അതിലൂടെ ദുരിതത്തിലാക്കിയതെന്ന് മനുഷ്യൻ മനസ്സിലാക്കുന്നില്ല .അലെങ്കിൽ..മനസ്സിലായിട്ടും അത് ഭാവിക്കുന്നില്ല എന്നതാവും ശരി.മരങ്ങൾ വെട്ടിയും പുഴകൾ വറ്റിച്ചും വയലുകൾ നികത്തിയും വലിയ വലിയ കെട്ടിടങ്ങൾ പണിതുയർത്തിയും പുതിയ പുതിയ ദുഷ്കരമായ വികസനപദ്ധതികൾ ആസൂത്രണം ചെയ്തും മാനവൻ ഭൂമിയെ ചൂഷണം ചെയ്യുന്നു.അത് പാടില്ല. ഈ പ്രകൃതി എല്ലാവരുടെയും ആണ്.അതിൽ മൃഗങ്ങൾ,പക്ഷികൾ,കടൽജീവികൾ,മരങ്ങൾ,ചെടികൾ,പ്രാണികൾ,മനുഷ്യർ...എന്നിവ എല്ലാവരും ഈ ഭൂമിയുടെ അവകാശികൾ ആണ്.അതിനാൽ നാം പ്രകൃതിയെ സംരക്ഷിക്കണം..കാരണം ഈ ഭൂമി വർത്തമാനക്കാരുടെ മാത്രമല്ല ഭാവിയുടേതും കൂടിയാണ്.നാമാവണം പുതിയ തലമുറയുടെ മാതൃക.



# ജീവിതം – ഒരു ലഹരി

മരിയ ടോം

ലഹരിയാം ചതുപ്പിലെന്നെന്നേക്കും
മുങ്ങിത്താഴുന്ന മാനുഷർ എങ്ങും.
ലക്ഷ്യമെന്തെന്നറിയാതെ ലഹരിതൻ
ശിക്ഷയിൽ മോചനം കിട്ടാൻ മനുഷ്യർ
ബാക്കി.
വഴിവക്കിൽ പേരാലിൻ ചുവട്ടിൽ ഒക്കെയും
സിഗരറ്റ് കുറ്റിയും കുപ്പികളും.
കടതൻ വരാന്തയിൽ, വഴിയരുകിൽ
പിന്നെയുമംഗങ്ങൾ ബാക്കിയായി.
ചാരപ്പുക സമ്മിശ്രമാം പ്രകൃതിയിൽ
ശുദ്ധത എവിടെ തേടും സോദരേ നാം.
ചതുർ ദിക്കിലെ വായുവിലോ അതോ
പുണ്യഗംഗതൻ കരയിലോ.
എവിടെയും ചാരമെവിടെയും പുകയെന്ന
അന്ത്യമില്ല വചനത്തിനിപ്പോഴും തുടർച്ച.
ലഹരിയതിൻ സാമ്രാജ്യ മുയർത്തുന്നു
ലഹരിയില്ലാ ലോകം തകർക്കുന്നു.
യുവത്വത്തിൻ ചാരുതയറുത്തുമാറ്റാൻ
കരുത്തുണ്ട് ലഹരിതൻ കരത്തിനിന്നും.
അസ്ത്രം പോൽ പായുന്ന വിഷവുമേന്തി
മാനുഷരെങ്ങോ യാത്രയാകുന്നു.
അന്ത്യ കവാടത്തിൽ നടയിലിരിപ്പൂ
സോദരർതൻ
നേത്രത്തിലൂറ്റു നോക്കി.
അവസാനകാലത്ത് വിലാപമരുതേ
ഓർമ്മവേണം നമുക്കുമുണ്ടായിരുന്നൊരു
യൗവനമെന്ന്.
ആസക്തികളെ വിട
അടുക്കരുതൊരിക്കലും
ജീവനുള്ള കാലത്തോളം നമുക്ക്
മനശാന്തിയേകാൻ.
ജീവിതമാണ് ലഹരി ജീവിതമാകണം
ലഹരി നാടിനായി,വീടിനായി,
രാഷ്ട്രത്തിനായി,വെറുക്കാം ലഹരിയെ
എന്നേക്കുമായി.

# സൂര്യകിരണങ്ങൾ...








സൂര്യകിരൺ പി

# ഒരു മഴവില്ലിന്റെ കഥ

മരിയ രാജേഷ്

ഒരിക്കൽ വിവിധ നിറങ്ങൾ തമ്മിൽ ഒരു തർക്കം ഉണ്ടായി. ഓരോ നിറവും താനാണ് ഏറ്റവും നല്ലത് മനുഷ്യർക്ക് ഇഷ്ടപ്പെട്ടത് എന്ന വാദിച്ചു. പച്ചനിറമാണ് തർക്കം തുടങ്ങിവച്ചത്.പച്ച പറഞ്ഞു ഞാനാണ് ജീവന്റെയും പ്രത്യാശയുടെയും നിറം.അതുകൊണ്ടുതന്നെ നിറങ്ങളിൽ ഒന്നാമൻ ഞാനാണ് ഭൂമിയിലുള്ള പുല്ലിന്റെയും മരങ്ങളുടെയും ഇലകളുടെയും നിറം പച്ചയാണ് .ഞാനില്ലെങ്കിൽ മൃഗങ്ങളെല്ലാം പട്ടിണി കിടന്ന് ചത്തുപോകും എവിടെ നോക്കിയാലും എന്നെയാണ് നിങ്ങൾ കൂടുതലായി കാണുന്നത് . അപ്പോൾ നീലനിറം പറഞ്ഞു ഭൂമിയുടെ കാര്യം മാത്രം പറഞ്ഞാൽ പോരല്ലോ ആകാശവും സമുദ്രവും ഒക്കെ ഈ ലോകത്തിന്റെ ഭാഗമല്ലേ ? ജലമാണ് ജീവന്റെ അടിസ്ഥാന ഘടകം . നീല കടലിലെ വെള്ളമാണ്. നീരാവിയായി അന്തരീക്ഷത്തിലേക്ക് ഉയർന്ന് വീണ്ടും മഴയായി ഭൂമിയിൽ പതിക്കുന്നത് .നീലാകാശത്തേക്ക് നോക്കുമ്പോൾ

എന്തൊരു ശാന്തിയാണ് മനുഷ്യൻ അനുഭവിക്കുന്നത്.ഞാനില്ലെങ്കിൽ സമാധാനം ഉണ്ടാകുമോ?നീലയുടെ ഈ പൊങ്ങച്ചം കേട്ട് മഞ്ഞനിറം കലുങ്ങി ചെരിച്ചു മഞ്ഞ പറഞ്ഞു ഞാനാണ് മനുഷ്യർക്ക് സന്തോഷവും ചിരിയും നൽകുന്നത് .സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളും ഒക്കെ മഞ്ഞയുടെ അവതാരങ്ങൾ ആണ് . സൂര്യകാന്തി പൂവും മറ്റു മഞ്ഞ പൂക്കളും ഇല്ലെങ്കിൽ ഈ ലോകം എന്തിനു കൊള്ളാം?ഉടനെ ഓറഞ്ച് പറഞ്ഞു .ശക്തിയുടെയും ആരോഗ്യത്തിന്റെയും നിറം ഞാനാണ്. ഏറ്റവും പ്രധാനപ്പെട്ട വിറ്റമിൻസ് മനുഷ്യർക്ക് ലഭിക്കുന്നത് എന്നിലൂടെയാണ് ക്യാരറ്റിനും മധുരനാരങ്ങയും മാമ്പഴത്തിനും മത്തങ്ങയ്ക്കുമെല്ലാം എന്റെ നിറം അല്ലേ?സൂര്യോദയവും സൂര്യാസ്തമയവും എന്റെ നിറമല്ലേ പ്രകാശിപ്പിക്കുന്നത്.ഇത്രയും നേരം ക്ഷമയോടെ ഇരുന്ന ചുവപ്പ് നിറം ഘന ഗംഭീരമായ ശബ്ദത്തിൽ പറഞ്ഞു നിങ്ങളുടെ എല്ലാവരുടെയും ജീവൻ വാസ്തവത്തിൽ ഞാനാണ്.രക്തത്തിന്റെ നിറമാണ് ഞാൻ .ചോരയില്ലാതെ ആർക്കെങ്കിലും എന്തിനെങ്കിലും ജീവൻ ഉണ്ടോ?യഥാർത്ഥ സ്നേഹത്തിന്റെ പ്രതീകം ചോര തുടിക്കുന്ന ഹൃദയം അല്ലേ?ഒരു ചുവന്ന റോസാപ്പൂവ് എന്തെല്ലാം വികാരങ്ങളാണ് മനുഷ്യഹൃദയങ്ങളിൽ ഉണർത്തുക.അടുത്തത് പർപ്പിൾ നിറത്തിന്റെ

ഊഴമായിരുന്നു. നീണ്ടുനിവർന്നുകൊണ്ട് ഒരു ഭരണാധികാരിയെ പോലെ പർപ്പിൾ പറഞ്ഞു തുടങ്ങി. ഞാനാണ് അധികാരത്തിന്റെയും ഭരണത്തിന്റെയും നിറം രാജാക്കന്മാരും ബിഷപ്പുമാരും ഭരണാധികാരികളും എന്റെ നിറമാണ് ധരിക്കാറുള്ളത് .എന്നെ ആരും ചോദ്യം ചെയ്യാറില്ല .അനുസരിക്കാറേയുള്ളൂ .അവസാനമായി ഇൻഡിഗോ സംസാരിച്ചു .ഞാൻ നിശബ്ദതയുടെ നിറമാണ്. ഞാൻ അത്ര പ്രകടമായി പ്രത്യക്ഷപ്പെടാറില്ലെങ്കിലും ഞാൻ ഇല്ലെങ്കിൽ മറ്റു നിറങ്ങൾ എല്ലാം നിഷ്പ്രഭമായി തീരും.സമുദ്രത്തിലെ അഗാധതലത്തിൽ ഞാനുണ്ട്.ത്രി സന്ധ്യ സമയത്ത് എന്നെ കാണാൻ സാധിക്കും.ആത്മീയ ഗുരുക്കന്മാരിലും തത്വചിന്തകരിലും പണ്ഡിതന്മാരിലും ഞാൻ ഒളിഞ്ഞിരിക്കാറുണ്ട്. ജീവിതത്തിലെ ഒരു സന്തുലിത കൈവരിക്കണമെങ്കിൽ ഞാൻ വേണം.അങ്ങനെ ഓരോ നിറവും തങ്ങളുടെ കഴിവുകളും പ്രാധാന്യവും എടുത്ത് കാണിച്ച് ഒന്ന് മറ്റൊന്നിനേക്കാൾ മെച്ചമാണെന്ന് വാദിച്ചുകൊണ്ട് കലഹിച്ചുകൊണ്ടിരുന്നു.പെട്ടെന്ന് ഭയാനകമായ കണ്ണഞ്ചിപ്പിക്കുന്ന ഒരു മിന്നലും ഇടിമുഴക്കവും അന്തരീക്ഷത്തിൽ ഉയർന്നു.പേമാരി തന്റെ സർവ്വശക്തിയോടും കൂടി ആഞ്ഞടിച്ചു .പരസ്പരം കലഹിച്ചുകൊണ്ടിരുന്ന വിവിധ നിറങ്ങൾ ഭയത്തോടെ ഒരുമിച്ചുകൂടി പരസ്പരം കെട്ടിപ്പിടിച്ചു നിന്നു . അപ്പോൾ പേമാരി സംസാരിക്കാൻ തുടങ്ങി.



മണ്ടശിരോമണികളായ നിറങ്ങളെ നിങ്ങളിൽ ആരാണ് മറ്റേതിനെക്കാൾ കേമൻ എന്ന വാദിച്ചുകൊണ്ട് സമയം കളയാതെ എന്തുകൊണ്ട് ഓരോരുത്തരും തങ്ങളുടെ കഴിവുകൾ പരസ്പരം അംഗീകരിച്ചുകൂടാ?സൃഷ്ടാവായ ദൈവമാണ് നിങ്ങൾക്ക് ഓരോ കഴിവുകളും നിറങ്ങളും നൽകിയത് .നിങ്ങൾ ഓരോരുത്തരും ലോകത്തിന്റെ നന്മയ്ക്ക് ആവശ്യമാണ്. അതുകൊണ്ട് ഇനിമുതൽ എപ്പോഴെല്ലാം ഞാൻ ഭൂമിയെ പുൽകുന്നുവോ അപ്പോഴെല്ലാം നിങ്ങളെല്ലാവരും ഭിന്നതകൾ മറന്ന പരസ്പരം യോജിക്കുകയും തങ്ങളുടെ കഴിവുകൾ അംഗീകരിക്കുകയും ലോക പുരോഗതിക്കായി പ്രയത്നിക്കുകയും ചെയ്യട്ടെ .ഈ ഭൂമിയിൽ നമ്മൾ ആരും ഒറ്റയ്ക്കല്ല എല്ലാ ജീവജാലങ്ങളും പരസ്പര പൂരകങ്ങളാണ്.മനുഷ്യകുലത്തിലും വിവിധ നിറങ്ങളിലും ആകൃതിയിലും രൂപത്തിലും മനുഷ്യകുലത്തിലും വിവിധ നിറങ്ങളിലും ആകൃതിയിലും രൂപത്തിലും ഉള്ളവരുണ്ട് .ഓരോരുത്തരും ദൈവത്തിന്റെ സൃഷ്ടിയാണ്. ഒരു മനുഷ്യൻ മറ്റൊരാളെ അയാളുടെ നിറത്തിന്റെ പേരിൽ ആകൃതിയുടെ പേരിൽ രൂപത്തിന്റെ പേരിൽ കളിയാക്കുകയോ അവഹേളിക്കുകയോ പരിഹസിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അത് സൃഷ്ടാവായ ദൈവത്തെ പരിഹസിക്കുന്നതിന് തുല്യമാണ്. നമുക്കും നമ്മുടെ ഒരുമയിലൂടെ ഭൂമിയിലെ മഴവില്ലാകാം.

# माँ

मेरी जान है मेरी माँ ।
मेरी हर खदम पर
मेरा साथ देता है।

चाहें तो वो मुझे अकेला
छोड़ सकता था।
लेकिन वो ऐसा करता नहीं ।

क्योंकि मुझपर रहती है
उसका साँस, मेरी माँ,
मेरी लाड़ली माँ ।

वो मुझपर गुस्सा होती है
मुझे डाटती है।
लेकिन कभी छोड़ता नहीं।

क्योंकी मेरी माँ
सबसे प्यारा,
सबसे अलग ।

- अजीना अलस नेलसन

# ഹൃദയതാളം

ഒരു പ്രണയ
നിലാവിന്റെ
ശീതള സ്പർശം
ഇപ്പോഴുമെന്നെ തഴുകിടുന്നു..
ഓർമ്മയിൽ നീ തന്ന
മുഗ്ധ സൗഭാഗ്യങ്ങൾ
കണ്ണു നീർ പെ യ്ത്തിൽ
മഴ വില്ലു തീർക്കുന്നു.
വടക്കിനി കോലായിൻ
മറവിലങ്ങെവിടെയോ
ഒരു ലോല സ്മിതം
കാത്ത് ഞാനിരുന്നു
പവിഴമല്ലി തണ്ടടരുന്ന
നേരത്ത്
പ്രാലേയം മന്ദാരം
പുണരുന്ന വേളയിൽ
ഒരു നിശാഗന്ധി
വിടരുന്നതും കാത്ത്
ഒരു മുഖം മാത്രം
ഞാൻ കോറിയിട്ടു
മനസ്സിന്റെ സ്ഫടിക
തലങ്ങളിലെവിടെയും
ആ മുഖം മാത്രം
പ്രതിഫലിച്ചു.. എന്നും
മനസ്വിനി..
നിൻ മുഖം മാത്രം...
നിൻ.. മുഖം.. മാത്രം.

അനിവാര്യതയുടെ -
കാവ്യ നീതി
നമ്മെ പരസ്പരം
ചീന്തി യെറിഞ്ഞപ്പോൾ
ഒരു ചുള്ളി കവിതപോൽ

എന്റെ നിസ്സംഗത
നിന്നെയേറെ
ചൊടിപ്പിച്ചിട്ടുന്നു.
കടൽ കാറ്റ് ചൊരുക്കുന്ന
പാലത്തിൻ തുമ്പത്തു
കരി മഷി പടർന്ന
മിഴി തുമ്പ് മറയ്ക്കാനായ്
ഒരു വേള കടലിൻ
അപാരത തേടി ഞാൻ.
പ്രണയം പ്രയാണത്തിൻ
അസ്തിത്വം തേടുമ്പോൾ
കാമാഖ്യ കുന്നിലെ
ദേവീ പ്രസാദവും
ഹാജോ പുരത്തെ
പെരുമ്പറ ഘോഷവും
കഞ്ചാവ് പുകയുന്ന
ശാന്തി കവാടവും
അശാന്തി പൂക്കുന്ന
താഴ്‌വരയിലെവിടെയും
ഒരു ഋതു പോലും
തീർത്തതില്ല.
കാല നൈരന്തര്യം
ശമന താളം
തീർക്കുമ്പോഴും
ആകലങ്ങിയ മിഴികൾ
എന്നെ...
പിന്തുടരുന്നതെന്തേ..?

**സജി ടി വി**
(അധ്യാപകൻ , സെന്റ് മേരീസ് എച്ച് എസ് എസ് എടൂർ )

# തോരാമഴ

–ദൃശ്യ ആഗ്നസ് ജോബ്

അന്ന് മഴ തോർന്നതേയില്ല. ഞാൻ കുറേ നേരം കാത്തിരുന്നു. മഴതോരുന്ന ലക്ഷണമൊന്നുമില്ല. എന്റെ ക്ഷമ നശിച്ചു തുടങ്ങി. എന്റെ ജീവിതത്തിൽ ഒരിക്കലും തോരാത്ത വേദനകൾ പോലെ. സമയം പോകും തോറും മഴയുടെ ശക്തി കൂടി കൂടി വന്നു. ഞാൻ അന്ന് കുടയെടുകാൻ മറന്നുപോയി. ആ പരിസരത്തുകൂടി ഒരു വാഹനം പോലും കടന്നുപോയില്ല. പെട്ടന്നാണ് ഞാൻ ആ ശബ്ദം കേട്ടത്. ഭയാനകമായ ഒരു നിലവിളി. ഒരു കാർ അതിവേഗതയിൽ വന്ന് ഒരു പെൺകുട്ടിയെ തട്ടിതെറിപ്പിച്ചു. ഒരു നിമിഷത്തേക്ക് അവിടെ എന്ത് സംഭവിച്ചെന്നു പോലും മനസ്സിലാവാതെ ഞാൻ സ്തബ്ദിച്ചവിടെ നിന്നു. ഞാനറിയാതെ എന്തൊക്കെയോ മാറ്റങ്ങൾ സംഭവിച്ചതുപോലെ എനിക്ക് തോന്നി. ചിലപ്പോൾ അതെന്റെ തോന്നലായിരുന്നിരിക്കാം. ഒറ്റയ്ക്കുള്ള നിമിഷങ്ങൾ അല്ലെങ്കിലും ഭീതികാരമാണ്. ആ നിലവിളി പെട്ടെന്ന് നിശബ്ദമായി. എന്റെ ചുറ്റും അന്ധകാരം പരന്നു. കുറച്ചുനേരം കഴിഞ്ഞപ്പോൾ ഒരു



ബസ്സ് അതിലെ കടന്നുപോയി. ഞാൻ കൈ കാണിച്ചെങ്കിലും നിർത്തിയില്ല. എനിക്ക് തോന്നി ബസ്സിൽ യാത്രക്കാർ കൂടുതലായതുകൊണ്ടായിരിക്കാമെന്ന്. ഞാൻ വീണ്ടും നിരാശയിലമർന്നു. എന്തൊ എന്റെ മനസ്സ് പറഞ്ഞു വീണ്ടും കാത്തിരിക്കൂ എന്ന്. ഞാൻ പ്രതീക്ഷ കൈവിടാതെ ആരെയോ കാത്തിരിക്കുന്നതു പോലെ അവിടെ ഇരുന്നു. എന്റെ ജീവിതത്തിൽ അന്ന് ആ മഴ തോരാതെ പെയ്തു കൊണ്ടിരുന്നു.



# ഓർമ

-സജി ടി വി

ഓർമ്മകൾക്ക് മരണമില്ല..
ഓർമകളിൽ -
കഴിഞ്ഞു പോയ കലാലയ
ദിനങ്ങളുടെ സ്മരണകളുടെ
സുഗന്ധം..
സൗഹൃദങ്ങളുടെ
വേലിയേറ്റം..
നമ്മളെന്നോ പറയാൻ മറന്ന..
വാക്കുകളുടെ കുത്തൊഴുക്ക്
വിശ്വഭാരതിയിലെ
അനിർവചനീയതയുടെ
അപാരത.

# മഞ്ഞുതുള്ളി


**നിമ ട്രീസ ബിജു**

ഒരിടത്ത് ദൂരെ ഒരു ഗ്രാമത്തിൽ ഒരു അപ്പൂപ്പനും,അമ്മൂമ്മയും താമസിച്ചിരുന്നു. ആ ഗ്രാമത്തിലെ തന്നെ ഏറ്റവും സമ്പന്നരായിരുന്നു ആ ദമ്പതികൾ. പക്ഷെ എത്രയൊക്കെ സൗഭാഗ്യങ്ങൾ ഉണ്ടായിട്ടും അവർ ഇരുവരും അതിലൊന്നും സന്തോഷിച്ചിരുന്നില്ല. കാരണം അവർക്ക് മക്കളില്ലായിരുന്നു. അതിനാൽ തന്നെ തങ്ങളുടെ അയലത്തും മറ്റും കളിക്കുന്ന കുട്ടികളെക്കാണുമ്പോൾ അവർ സങ്കടപ്പെടുമായിരുന്നു. അങ്ങനെയിരിക്കെ ഒരു നാൾ ആ ഗ്രാമത്തിൽ മഞ്ഞുകാലമെത്തി. കോരിച്ചൊരിയുന്ന തണുത്ത മഞ്ഞ് ആ ഗ്രാമത്തെയാകെ മൂടി. അതിനാൽ തന്നെ ആ ഗ്രാമത്തിലെ കുട്ടികൾ മഞ്ഞിൽ കളിക്കുവാൻ ഇറങ്ങി. ഇതുകണ്ട അപ്പൂപ്പനും അമ്മൂമ്മയും അവർക്കൊപ്പം കളിക്കാനിറങ്ങി. അവർ ഇരുവരും മഞ്ഞിൽ ഒരു സുന്ദരിയായ പെൺകുട്ടിയുടെ രൂപം ഉണ്ടാക്കി. അപ്പൂപ്പൻ നീല വർണ്ണത്തിലുള്ള രണ്ട് അഴകേറിയ ചെറിയ കല്ലുകൾ ആ പെൺകുട്ടിയുടെ കണ്ണിൽ വെച്ചു. അത്ഭുതകരമായി പെട്ടെന്ന് ആ

പെൺകുട്ടിക്ക് ജീവൻ വച്ചു.ഇത് കണ്ടു അപ്പൂപ്പനും അമ്മൂമ്മയും അമ്പരന്നു. അവളെ അവരിരുവർക്കും വളരെ ഇഷ്ടമായി. അവർ അവളെ മകളായി സ്വീകരിക്കാൻ തീരുമാനിച്ചു. അവർ അവൾക്കൊരു പേരുമിട്ടു മഞ്ഞുതുള്ളി. തങ്ങളുടെ നീണ്ട നാളായുള്ള ആഗ്രഹം സാധിച്ചുകൊടുത്ത ദൈവത്തിനു അവർ ഒരായിരം നന്ദി പറഞ്ഞു. അവർ മഞ്ഞുതുള്ളിയെ പൊന്നുപോലെ വളർത്തി. അവൾ മഞ്ഞിലൂടെ ഓടിക്കളിച്ചും തന്റെ കൂട്ടുകാർക്കൊപ്പം ചിലവഴിച്ചും സന്തോഷിച്ചു. മുത്തശ്ശനും മുത്തശ്ശിയും സന്തോഷത്തോടെ അവൾ കളിക്കുന്നത് നോക്കിനിന്നു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ മഞ്ഞുകാലം മാറി വേനൽക്കാലം വന്നു. ആ ഗ്രാമത്തിലെ കുട്ടികളെല്ലാം തകർത്തുല്ലസിച്ചു കളിച്ചുകൊണ്ടിരുന്നു. പക്ഷെ മഞ്ഞുതുള്ളിക്ക് അത് സാധിച്ചില്ല. കാരണം അവൾക്ക് ചൂട് സഹിക്കാൻ കഴിയില്ല. ചൂട് അവളുടെ ദേഹത്തു തട്ടിയാൽ അവൾ ഉരുകാൻ തുടങ്ങും. അതിനാൽ അവൾക്കു പുറത്തു കൂട്ടുകാർക്കൊപ്പം കളിക്കാൻ സാധിച്ചില്ല. എപ്പോഴും വീട്ടിനകത്തു ചടഞ്ഞുകൂടി ഇരിക്കാൻ തുടങ്ങി. വേനൽക്കാലം മാറി മഴക്കാലം വന്നു മഴക്കാലം മാറി വസന്തകാലം വന്നു പക്ഷെ അപ്പോഴും മഞ്ഞുതുള്ളി വീട്ടിൽ സങ്കടപ്പെട്ടിരുന്നു.ഇതുകണ്ട് സഹിക്കാൻ അവാതെ മുത്തശ്ശി മഞ്ഞുതുള്ളിയോട് പറഞ്ഞു "മോളെ നീ ഇവിടെ നിൽക്കണ്ട. നിന്റെ സങ്കടം ഞങ്ങൾക്ക്

സഹിക്കാനാവില്ല. അതുകൊണ്ട് എന്റെ മോള് കുറച്ചുദിവസം കാട്ടിലേക്ക് പോവ്. അവിടെ ആവുമ്പോൾ എപ്പോഴും തണുപ്പാണല്ലോ. ഇതുകേട്ട മഞ്ഞുതുള്ളി കാട്ടിലേക്ക് പോകാൻ തീരുമാനിച്ചു. അങ്ങനെ മഞ്ഞുതുള്ളി തന്റെ ഒപ്പം ഉണ്ടായിരുന്ന കുറച്ചു കൂട്ടുകാരെയും കൂട്ടി കാട്ടിലേക്ക് പോയി. കാട്ടിലെത്തിയപ്പോൾ അവൾക്കു ആശ്വാസം തോന്നി.പക്ഷേ നേരം അപ്പോഴേക്കും ഇരുട്ടിതുടങ്ങി. മഞ്ഞുതുള്ളി ഒഴികെ ബാക്കിയെല്ലാവർക്കും പേടി ആവാൻ തുടങ്ങി. അവർ അടുത്തുണ്ടായിരുന്ന വിറകുകളെല്ലാം കൂട്ടിയിട്ട് തീ കത്തിച്ചു കായാൻ ആരംഭിച്ചു. പക്ഷേ മഞ്ഞുതുള്ളി തീയിനെ ഭയന്ന് മാറിനിന്നു. പക്ഷേ അവളുടെ കൂട്ടുകാർ അവളെ നിർബന്ധിച്ചു തീക്കൂട്ടിയിടത്തു കൊണ്ടുവന്ന് ഇരുത്തി. മഞ്ഞുതുള്ളി സകല ദൈവങ്ങളെയും ഓർത്തു പ്രാർത്ഥിച്ചു. പക്ഷേ ഫലമുണ്ടായില്ല. അവൾ പൊടുന്നനെ ഉരുകാൻ തുടങ്ങി. ഇതുകണ്ട അവളുടെ കൂട്ടുകാർ ഭയന്ന് കാറുവാൻ ആരംഭിച്ചു. പക്ഷേ അപ്പോഴേക്കും മഞ്ഞുതുള്ളി ഉരുകി വെള്ളമായി മാറിക്കഴിഞ്ഞിരുന്നു. അവസാനം ആ നീല കല്ലു മാത്രം ബാക്കി വന്നു.





# എന്റെ സുഹൃത്തുക്കൾ

ദിൽന രാജേഷ്

മാവിൻ ചുവട്ടിൽ മധുരമുള്ള
സൗഹൃദങ്ങൾ
ചപ്പുചവറുകൾ പെറുക്കി
നടക്കുമെൻ ബാല്യകാല
സൗഹൃദങ്ങൾ
എൻ ജീവൻ എൻ
സൗഹൃദങ്ങൾ
കൊച്ചു കൊച്ചു കുസൃതികൾ
കൊച്ചു കൊച്ചു പിണക്കങ്ങൾ
സ്ക്രൂളിൽ നിന്നും തുടങ്ങുന്ന
സൗഹൃദം
ഒന്നുമില്ലവരുടെ സ്നേഹത്തിനു
പകരം
ജീവനെൻ സൗഹൃദം.
ബാല്യകാല സഖികൾ എൻ
സുഹൃത്തുക്കൾ
എന്തു രസമാണീ
സൗഹൃദങ്ങൾ...
സ്നേഹം തുളുമ്പുമെൻ
സൗഹൃദങ്ങൾ...

പൂന്തളിർ തുളുമ്പുന്ന
ചന്തമാണെന്റെ പൂവ്
ചുമ്പനമേറ്റൻ പൂവേ നിന്നെ
കാണാൻ എന്തു ഭംഗി!
തൂവെള്ള തുള്ളികൊണ്ട്
പൂഞ്ചോലയിൽ ആടാൻ വരില്ലേ
നീ...
ശലഭങ്ങൾ നിന്നിലെ തേൻ
നുകരുമ്പോൾ നിന്നിലെ പുഞ്ചിരി
കാണുന്നു ഞാൻ...
തിരുവോണ മുറ്റം നിന്റെ സ്വന്തം
ഈ വിശ്വം അലങ്കരിക്കാൻ നീ
വരില്ലേ എൻ പൂവേ ...
നിൻ തേൻ തുളുമ്പുന്ന
ഇതളുകളിൽ  ചുമ്പനം നേരാൻ
ഞാൻ വരുന്നു.
ചന്തമുള്ള പൂവ്... എൻ പൂവ്..

# എന്റെ പൂവ്

ദേവശ്രീ എം

# കൊട്ടാരത്തിലെ ആന

ആദികൃഷ്ണ സി പി



പണ്ടു പണ്ട് ഒരു രാജകൊട്ടാരത്തിൽ ഒരു ആന ഉണ്ടായിരുന്നു .രാജാവിന് ആ ആനയെ വലിയ ഇഷ്ടമായിരുന്നു അതു കൊണ്ട് ആനയ്ക്ക് രാജകീയ ഭക്ഷണവും പരിചരണവുമാണ് ലഭിച്ചിരുന്നത്. ആനപ്പന്തിയുടെ അടുത്തുള്ള ഒരു കൂട്ടിൽ ഒരു നായ ഉണ്ടായിരുന്നു. അത് ക്ഷീണിച്ച് എല്ലും തോലുമായിരുന്നു. കൊട്ടാരത്തിലെ ആനയ്ക്ക് കൊടുക്കുന്ന ശർക്കര ചോറിന്റെ മണം നായയ്ക്ക് വളരെ ഇഷ്ടമായിരുന്നു. ഒരു ദിവസം നായയ്ക്ക് ആ ചോറിന്റെ മണം കിട്ടി. നായയ്ക്ക് ഇരിപ്പ് ഉറച്ചില്ല. അത് ഒരു വിധത്തിൽ ആനപ്പന്തയിലേക്ക് നഴഞ്ഞുകയറി. ആനയുടെ വായിൽ നിന്നും താഴെ വീണ ശർക്കര ചോറ് അത് കഴിച്ചുനോക്കി. അതിന് ആ ചോറ് വളരെ ഇഷ്ടമായി. പിന്നീട് എല്ലാ ദിവസവും നായ ചോറ്

തിന്നാനായി വരാൻ തുടങ്ങി. സ്വാദിഷ്ടമായ ശർക്കരച്ചോറ് ആസ്വാദിച്ച് കഴിക്കുന്ന തിരക്കിനിടയിൽത്തന ഈ കാര്യം ശ്രദ്ധിച്ചതുമില്ല പതുക്കെ പതുക്കെ ആനയുടെ ചോറ് കഴിച്ച് കഴിച്ച് നായ തടിച്ച് കൊഴുക്കാൻ തുടങ്ങി. ഈ കാര്യം ആനയുടെ ശ്രദ്ധയിൽപ്പെട്ടു. ആനയ്ക്ക് നായയുടെ സാന്നിധ്യം ഇഷ്ടമായി. ആന സന്തോഷപൂർവം നായയ്ക്ക് ചോറ് കൊടുക്കാൻ തുടങ്ങി . രണ്ടു പേരും ഒത്തൊരുമിച്ച് കളിച്ച് നടന്ന് അവർ നല്ല ചങ്ങാതിമാർ ആയി. ഊണിലും ഉറക്കത്തിലും കളിയിലുമെല്ലാം അവർ എപ്പോഴും ഒന്നായിരുന്നു. പരസ്പരം കണ്ടില്ലെങ്കിൽ രണ്ടിനും വിഷമം തോന്നും എന്ന അവസ്ഥയിൽ എത്തിച്ചേർന്നു. വളരെ അടുത്ത സുഹൃത്തുക്കളായി മാറിയ രണ്ടു പേർക്കും പിരിയാൻ ആഗ്രഹം ഇല്ലായിരുന്നു. ഒരു ദിവസം ഈ കാഴ്ചക്കണ്ട് ഒരാൾ ആനപ്പാപ്പാനോട് ചോദിച്ചു.
”ആ നായയെ എനിക്ക് തരാമോ
അതിന് ഞാൻ എന്ത് വില തരണം ?”

നായ ആനപാപ്പാന്റെ സ്വന്തം അല്ല , എന്നിട്ടു പോലും അയാൾ നായയെ വിറ്റ് പണം വാങ്ങിച്ചു. നായയെ വാങ്ങിച്ച അയാൾ അയാളുടെ ഗ്രാമത്തിലേക്ക് തിരിച്ചു.ആ ഗ്രാമം ഒരുപാട് ദൂരെയായിരുന്നു. ഈ സംഭവത്തിന് ശേഷം കൊട്ടാരത്തിലെ ആനയ്ക്ക് വളരെ സങ്കടമായി . സുഹൃത്തിനെ നഷ്ടപെട്ട ദുഃഖത്തിൽ ആന എല്ലാം ഉപേക്ഷിക്കാൻ തുടങ്ങി. കൂട്ടുകാരൻ ഇല്ലാതെ അതിന് ഒന്നും ചെയ്യാൻ ഇഷ്ടമില്ലാതായി. ആന അതിനുശേഷം വെള്ളം കുടിക്കുന്നതും ഭക്ഷണം കഴിക്കുന്നതും എല്ലാം നിർത്തി കളഞ്ഞു. ഒടുവിൽ ആനപാപ്പാൻ ഈ കാര്യങ്ങളെല്ലാം രാജാവിനെ ധരിപ്പിച്ചു.പക്ഷേ അയാൾ നായയെ കുറിച്ച് ഒന്നും പറഞ്ഞില്ല.രാജാവിന്

അതിബുദ്ധിമാനായ ഒരു മന്ത്രി ഉണ്ടായിരുന്നു.

മൃഗങ്ങളെ മനസ്സിലാക്കാൻ മന്ത്രി മിടുക്കനായിരുന്നു. ബുദ്ധിമാനായ മന്ത്രി നേരെ ആന പന്തിയിലേക്കു ചെന്നു. ആന വളരെയധികം വിഷാദത്തോടെ ഇരിക്കുന്നത് മന്ത്രി കണ്ടു. ആനയെ കണ്ടതിനുശേഷം മന്ത്രി ആനപാപ്പാനോട് ചോദിച്ചു .

"ആനയുടെ ആരോഗ്യത്തിന് ഒരു കുഴപ്പവുമില്ല പിന്നെ എന്തിനാ ഇത്രയും വിഷമിക്കുന്നത്.ഈ ആനയ്ക്ക് വിഷാദ രോഗം ബാധിച്ചിട്ടുണ്ട്. മിക്കവാറും അതിന്റെ അടുത്ത കൂട്ടുകാരനെ നഷ്ടപ്പെട്ടത് ആയിരിക്കും. ഈ ആനയ്ക്ക് വളരെ അടുത്ത ചങ്ങാതിമാർ ആരെങ്കിലും ഉണ്ടായിരുന്നോ ?"

" ഈ ആനയ്ക്ക് ഊണിലും ഉറക്കത്തിലും കളിയിലും വിട്ടുപിരിയാത്ത ഒരു നായ ഉണ്ടായിരുന്നു. ഏതോ ഒരു അപരിചിതൻ ആ നായയെ കൊണ്ടുപോയി."

"എവിടെയാ ആ നായ?"

"എനിക്കറിയില്ല ."

''മഹാരാജാവേ അങ്ങ് എന്റെ അഭിപ്രായം ചോദിച്ചിരുന്നല്ലോ കൊട്ടാരത്തിലെ ആനയ്ക്ക് ഒരു അസുഖവും ഇല്ല.അതിന്റെ അടുത്ത ചങ്ങാതിയായ നായയെ നഷ്ടപ്പെട്ടതിന്റെ ദുഃഖമാണ് അതിന്."

"ആ നായ ഇപ്പോൾ എവിടെയുണ്ട് എന്നറിയാമോ"

"ആനപ്പാപ്പാൻ പറഞ്ഞതനുസരിച്ച് ഒരു അപരിചിതൻ നായയെ കൊണ്ട് പോയത്രേ. പക്ഷേ ഇപ്പോൾ അത് എവിടെയുണ്ടെന്ന്

അയാൾക്ക് അറിയില്ല.

”ആനയുടെ ചങ്ങാതി കൊണ്ടുവന്ന അതിനെ സന്തോഷിപ്പിക്കാൻ ആയെങ്കിൽ ....”

”ഉത്തരവിട്ടാലും മഹാരാജൻ കൊട്ടാരത്തിലെ നായയെ കൊണ്ടുപോയവർക്ക് തക്ക ശിക്ഷ കൊടുക്കണം , അതാണ് ഒരു മാർഗ്ഗം പിന്നെ ആരും ആവർത്തിക്കില്ല.

”മാന്യമഹാജനങ്ങളേ .... ഒരു അറിയിപ്പുണ്ട് കൊട്ടാരത്തിലെ ആനപ്പന്തയിൽ കഴിഞ്ഞിരുന്ന നായയെ പിടിച്ചുകൊണ്ടുപോയി വളർത്തുന്നത് ആരായാലും അവർക്ക് തക്കതായ ശിക്ഷ ലഭിക്കുന്നതായിരിക്കും.”

വിളംബരം കേട്ടതും നായയെ വാങ്ങിയ ആൾ പേടിച്ചുവിറച്ച് നായയുടെ കെട്ടഴിച്ചു വിട്ടു.കെട്ടഴിച്ചുവിട്ട നായ സർവ്വശക്തിയുമെടുത്ത് കൊട്ടാരത്തിലെ ആനപ്പന്തിയിലേക്ക് ഓടി .നായയെ കണ്ടതും ആന വളരെ സന്തോഷിച്ചു.നായയെ മുതുകിലേറ്റി ആന സന്തോഷം പ്രകടിപ്പിച്ചു.നായ അരികിലെത്തും ആനയുടെ കണ്ണുകൾ സന്തോഷം കൊണ്ട് തിളങ്ങി.സന്തോഷം തുളുമ്പുന്ന ആനയെ കണ്ടതും രാജാവിനും സന്തോഷമായി.ബുദ്ധിപൂർവ്വം നീതി നടപ്പാക്കിയ മന്ത്രിക്ക് തക്ക പാരിതോഷികങ്ങൾ ലഭിച്ചു.അതിനുശേഷം ആ നായയും ആനയും കൂട്ടുകാരായി സന്തോഷത്തോടെ ജീവിച്ചു.


Digital Painting By:
Evangeline Lizbeth & Abhirami T A

# Published By


## Unit No : LK/2018/14053



**Special Thanks To:**



## Jibin Thomas K

**(LK Master)**



## Swapna B V

**(LK Mistress)**